പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5634 5/07/2013 ൽ മറുപടിയ്ക്ക്

## പൊതു വിദ്യാലയങ്ങളിൽ ലൈബ്രറികളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പൊതു വിദ്യാലയങ്ങളിൽ ലൈബ്രറികളുടെ വികസനത്തിനും ആയത് വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (എ) സർക്കാർ ഹൈസ്കൂളുകളിൽ ലൈബ്രറികളുടെ വികസനത്തിനും, പുസ്തകങ്ങൾ വാങ്ങുന്നതിനും ആയതു വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി സർക്കാർ, സ്കൂളുകൾക്ക് ഒരു നിശ്ചിത തുക ഓരോ വർഷവും അനുവദിക്കുന്നുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ 27 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനായി 60,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ആർ.എം.എസ്.എ സംസ്ഥാനത്തെ എല്ലാ സർക്കാർ വിദ്യാലയങ്ങൾക്കും സ്കൂൾ ഗ്രാന്റായി 50,000/- രൂപ നൽകുന്നുണ്ട്. ഇതിൽ 10,000/- രൂപ പുസ്തകങ്ങൾ, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ഉപയോഗിക്കുന്നതിനാണ്. |
| ബി) ഇതിനായി എന്തു തുക ചെലവാക്കി ; എത്ര സ്കൂളുകൾക്ക് എന്തു തുക ധനസഹായം നൽകി ; ജില്ല തിരിച്ച് വിശദാംശ വ്യക്തമാക്കുമോ ; | (ബി) സർക്കാർ ഹൈസ്കൂളുകളിലെ ലൈബ്രറികളുടെ വികസനത്തിനായി 2011-12 വർഷം 11,07,702/- രൂപയും 2012-13 വർഷം 9,64,278/- രൂപയും സർക്കാർ അനുവദിക്കുകയുണ്ടായി. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്. 27 ഹയർസെക്കണ്ടറി സ്കൂളുകൾക്കായി ഇതിനായി 16,20,000/- രൂപ ചെലവാക്കി.<br>ആർ.എം.എസ്.എ, 2009-10 വർഷത്തിൽ 1019 സർക്കാർ ഹൈസ്കൂളുകൾക്ക് 65,000/- രൂപയും 2010-11 വർഷത്തിൽ 75,000/- രൂപയും 2011-12 വർഷത്തിൽ 1078 സർക്കാർ ഹൈസ്കൂളുകൾക്ക് 75,000/- രൂപയും ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 10,000/- രൂപ ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സർക്കാർ സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ലൈബ്രറികൾ പ്രവർത്തിക്കുന്നു ; എത്ര സ്കൂളുകളിൽ ഇതിനായി ലൈബ്രേറിയൻ തസ്തികയും ലൈബ്രേറിയനും ഉണ്ട് ; എത്ര സ്കൂളുകളിൽ നിലവിലില്ല ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | (സി) യും (ഡി) യും | സംസ്ഥാനത്തെ 8241 സ്കൂളുകളിലും എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും ലൈബ്രറികൾ പ്രവർത്തിക്കുന്നു. ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. 2013-14 വർഷത്തെ ആർ.എം.എസ്.എ പദ്ധതിയിൽ ലൈബ്രറിയ്ക്കായി 34.5 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| (ഡി) | എല്ലാ പൊതു വിദ്യാലയങ്ങളിലും ലൈബ്രറിയും, ലൈബ്രേറിയൻ തസ്തികയും, ലൈബ്രേറിയനും ഉണ്ടാകാൻ സർക്കാർ എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ ; | | |
| (ഇ) | "രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ" പ്രവർത്തനത്തിന് എത്ര തുകയുടെ ഫണ്ട് നിലവിലുണ്ട് ; എത്ര ചെലവാക്കി ; | (ഇ) യും (എഫ്) ഉം | 31.03.2013 ലെ കണക്കു പ്രകാരം ആർ.എം.എസ്.എ പദ്ധതിയിൽ 5785.13 ലക്ഷം രൂപ ബാക്കിയുണ്ട്. 2012-13 വർഷത്തിൽ 208.66 ലക്ഷം രൂപ ചെലവാക്കി. ലൈബ്രറിക്കായി വകയിരിത്തിയിരിക്കുന്ന തുക മാത്രമേ ലൈബ്രറിക്കായി വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. |
| (എഫ്) | പ്രസ്തുത ഫണ്ട് ലൈബ്രറി വികസനത്തിനായി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ ? | | |

Sd/-

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ജില്ല | 2011-12 (രൂപ) | | 2012-13 (രൂപ) | |
|---|---|---|---|---|
| | അനുവദിച്ച തുക | സ്കൂളുകളുടെ എണ്ണം | അനുവദിച്ച തുക | സ്കൂളുകളുടെ എണ്ണം |
| തിരുവനന്തപുരം | 50869 | 5 | 47427 | 2 |
| കൊല്ലം | 40004 | 4 | 62000 | 4 |
| പത്തനംതിട്ട | 81688 | 5 | 60000 | 3 |
| ആലപ്പുഴ | 95714 | 4 | 29066 | 3 |
| കോട്ടയം | 89500 | 10 | 75000 | 8 |
| ഇടുക്കി | 80000 | 8 | 40000 | 4 |
| എറണാകുളം | 123565 | 16 | 79600 | 6 |
| തൃശ്ശൂർ | 75251 | 9 | 107038 | 19 |
| പാലക്കാട് | 95714 | 15 | 82142 | 7 |
| മലപ്പുറം | 90000 | 9 | 77346 | 8 |
| കോഴിക്കോട് | 95714 | 68 | 82143 | 5 |
| വയനാട് | 74000 | 7 | 69000 | 8 |
| കണ്ണൂർ | 41428 | 4 | 80000 | 4 |
| കാസർഗോഡ് | 74255 | 7 | 73516 | 6 |
| **ആകെ** | 11,07,702/- | 171 | 9,64,278/- | 87 |

## അനുബന്ധം - 2

| ജില്ല | വർഷം | | |
|---|---|---|---|
| | 2009-10 | 2010-11 | 2011-12 |
| തിരുവനന്തപുരം | 121 | 121 | 121 |
| കൊല്ലം | 83 | 83 | 83 |
| പത്തനംതിട്ട | 50 | 50 | 50 |
| ആലപ്പുഴ | 59 | 59 | 59 |
| കോട്ടയം | 60 | 60 | 60 |
| ഇടുക്കി | 56 | 56 | 71 |
| എറണാകുളം | 87 | 87 | 87 |
| തൃശ്ശൂർ | 82 | 82 | 82 |
| പാലക്കാട് | 65 | 65 | 84 |
| മലപ്പുറം | 84 | 84 | 84 |
| കോഴിക്കോട് | 68 | 68 | 68 |
| വയനാട് | 40 | 40 | 52 |
| കണ്ണൂർ | 88 | 88 | 88 |
| കാസർഗോഡ് | 76 | 76 | 89 |
| ആകെ | 1019 | 1019 | 1078 |